2024

① Code No: ~~006~~

# ശമനം

ആൻഡ്രോയിഡിന്റെ നീല വെളിച്ചം.
അയാളുടെ കണ്ണുകൾക്ക് തണുപ്പേകി.
മെസ്സേജുകളുടെ "ടിക് ടോക്" ശബ്ദങ്ങൾ
അപ്പോഴേക്കും അയാളുടെ ഹൃദയമിടിപ്പുകളായി
മാറിയിരുന്നു. ആ കാരണത്താൽ തന്നെയായിരി-
ക്കണം ഏകാന്തത അസഹനീയമായി
തോന്നിയില്ല! ഇന്നലെ പെയ്ത മഴയുടെ
അവശേഷിപ്പുകൾ വരാന്തയിലുണ്ട്.
സ്റ്റാറ്റസ് ബാറിൽ ഇന്നലെ ഈ മഴയുടെ
ഇമോജി കൂട്ടങ്ങൾ പരസ്പരം എന്തോ
പറയുന്നുണ്ട്. എന്താണ്? അറിയില്ല!
പതർച്ച എന്താണെന്ന് ഇതു വരെ
അറിഞ്ഞിട്ടില്ല. ജീവിതം പതഞ്ഞുപൊന്തിയിട്ടുമില്ല.

കഴുത്തിനകത്ത് എന്തോ നീങ്ങുന്നുണ്ട്
ഇന്നലെ കഴിച്ച ന്യൂഡിൽസ് ചത്ത് ജീർണ്ണിച്ച
മണ്ണിരകളെപ്പോലെ താഴ്ന്ന് പോകുന്നു
അവൻ അയാളായി മാറുമ്പോഴേക്കും ഇത്രയും
മാറ്റങ്ങൾ ജീവിതത്തിലുണ്ടായി എന്നത്
അവിശ്വസനീയം..

തന്റെ വാട്സ് ആപ്പിൽ വന്ന ഓഡിയോ
തുറന്നു നോക്കി "അമ്മത്തൊട്ടിൽ". കവിതയാണ്.
അവതരണമാണ്, എന്തോ ഒന്ന് ഹൃദയത്തിൽ
തട്ടി ഉരുണ്ടു താഴേയ്ക്ക് വീണു.

നരച്ച മുറിയിലെ ജനാലകൾക്കിടയിൽ
നിറം മങ്ങിയ പുസ്തകക്കൂട്ടങ്ങൾക്കിടയിൽ
ഒരു ജീവി. മനുഷ്യനെ പോലെ തോന്നുന്നുണ്ട്
എങ്കിലും മനുഷ്യ വർഗമാണോ ? അതേ
മനുഷ്യനാണ്. എങ്കിലും മനുഷ്യനല്ല.
"അമ്മയാണ്" ! . മരവിച്ചു പോയ ചുണ്ടുകൾ
പൊട്ടിയിട്ടുണ്ട്. അടർന്ന ആ വിടവുകളിലൂടെ
രക്തത്തിന്റെ ചോല. വായയിലൂടെ ഒഴുകുന്ന
ഉമിനീരിന്റെ ഗന്ധം ആ മുറിയിൽ തളം
കെട്ടി നിന്നിരുന്നു.

അവൻ അയാളായി മാറിയപ്പോൾ ആ അമ്മ
മാതാവിൽ നിന്ന് "ഓൾഡ് വുമനിലേക്ക്" മാറിയിരുന്നു.
ദുർഗന്ധം നിറഞ്ഞ ആ ഒറ്റമുറിയിലേക്ക് പ്രവേശി-
ക്കുമ്പോൾ അവന് ധരിക്കാൻ "മാസ്ക്കുണ്ട്." !
കൂട്ടം തെറ്റിയെത്തിയ [ഒരു കൂട്ടം] ഉറുമ്പുകൾ
ആ അമ്മയുടെ കാൽ വിരലുകൾക്കിടയിലെ
ചുളിഞ്ഞു പോയ ചർമ്മത്തെ അരിച്ചുകളഞ്ഞു!
ഒന്നും മിണ്ടിയില്ല. പ്രതികരിച്ചില്ല കാരണം.
അപ്പോഴേക്കും അവർ അയാൾക്ക് ഒരു
മരപ്പാവയായി മാറിയിരുന്നല്ലോ !

"ഡാഡി നിക്ക് ഗ്രാൻമാനെ കാണണം"
അവൾ പറഞ്ഞുവെച്ചു. "ഹേയ് നോ ബേബി
ഗ്രാൻമാ ഒരു അമേരിക്കൻ ട്രിപ്പിലാണ്".
"ഹോ മൈ സീ". അവൾ പറഞ്ഞു നിർത്തി.
അത്, അവിടെ തീർന്നു. മുറിയിലുള്ള
കാര്യം പറഞ്ഞു കൊടുക്കാത്തതിന് ഒറ്റ
കാരണമേയുള്ളു "എപ്പിഡമിക്സി"ന്റെ
കാലമല്ലേ! ആ "നോൺ സെൻസ് സ്ത്രീ
അവിടം ആകെ "ഡേർട്ടി"യാക്കി കളഞ്ഞു.
നാശം. അതൊക്കെ കഴുകി വൃത്തിയാക്കാൻ
ജോലിക്കാരുണ്ട്. കൊടുക്കണം മാസം തോറും
"വൺ ലാക്ക്"!. ബന്ധം വൺ ലാക്കിൽ നിലം
പതിച്ചിരുന്നു.

ഫ്ലാറ്റിന്റെ ബാൽക്കണിയിൽ നിന്നും
താഴേയ്ക്ക് നോക്കുമ്പോൾ ചീഞ്ഞു നാറുന്ന
നഗരം കാണാം. അയാളുടെ സ്റ്റാറ്റസായിരുന്നു
അത്. വച്ചാൽ ഇറമ്പിയിട്ട അടയ്ക്ക പോലുള്ള
തലമുടിയെ ഫ്രീക്കൻ സ്റ്റൈലിൽ നിവർത്തും,
ജീൻസിന്റെ കാലിൽ തുളയിടും, കൂളിംഗ്
ഗ്ലാസും, ബെൻസും. മതി ഇത്രയും മതി.
ജീവിതം സഫലം !

സെൽഫി സ്റ്റിക്കിന്റെ നീളം കൂട്ടിവച്ചിട്ടുണ്ട്
"ഇന്ന് ഫേസ്ബുക്കിൽ തീപൊരി പാറും.
ഞാൻ പൊളിക്കും" തീരുമാനം പോലെ
തന്നെ അയാൾ ആ വാതിൽ തുറന്നു
അപ്പോഴേക്കും അയാൾ കഴിച്ച ബർഗർ
വായയിലൂടെ പുറത്തു ചാടാൻ ഭാവിച്ചു.
അതെ ഒരു മനംപുരട്ടൽ, അയാളെ
പെറ്റിടുന്നതിനു മുമ്പ് ആ അമ്മയ്ക്കുണ്ടായതു-
പോലെ! അതിരൂക്ഷമായ ഗന്ധം, "ദുർഗന്ധം"
വഹിക്കുന്ന വായുവിന്റെ നീരാളിക്കൈകൾ
അപ്പോഴേക്കും അയാളുടെ ശരീരത്തെ
പിടിച്ചു വലിച്ചിരുന്നു.

എന്തായാലും എന്താ ? നൃത്തങ്ങളിലും, പാട്ടുകളിലും , ഫ്രീക്കൻ പരിഷ്കാരങ്ങൾ ഉണ്ടാക്കിയെടുക്കുന്ന അയാൾക്കൊന്നു വ്യസനം ! "ഹേയ് സെൽഫി" ആ തളയ്ക്കപ്പെട്ട വൃദ്ധയുടെ മുന്നിൽ ചെന്ന് അയാൾ ആർത്ത് വിളിച്ചു. "പൊളിച്ചു", "മുത്തേ", "അടിപൊളി", "തകർത്തു", "സൂപ്പർ", "കിടുക്കി", കമന്റ് പെട്ടി പൊട്ടുമാറായി ലൈക്കുകളുടെ പെരുമഴ തകർത്ത് പെയ്തു. ആ ആനന്ദമഴയിൽ അയാൾ ബോധരഹിതനായി നിന്നുപോയി.

വെളുത്ത പാളികൾ നിറഞ്ഞ ആ കണ്ണിൽ സൂചിപോലെ നിറഞ്ഞ കണ്ണുനീർത്തുള്ളികൾക്ക് ഒരു കഥയുണ്ട്. ശരീരമാകെ കീറി, നരച്ച വസ്ത്രങ്ങളാൽ ചുറ്റപ്പെട്ടിട്ടുണ്ട്. അയാളുടെ സന്തോഷം കണ്ടതിനാലാകണം അവർ അറിയാതെ ഒരു തേങ്ങി ശബ്ദം പുറത്തേക്ക് വരുന്നില്ല. അത് കണ്ഠത്തിൽ ഇടറി, കഫക്കെട്ടുകളിൽ പെട്ട് തെന്നി വീണു അത് പുറത്തേക്ക് വന്നില്ല. ~~അങ്ങ്~~ മു കഴിഞ്ഞ കാലങ്ങളിൽ മുഴുവൻ വീണു. ഇന്നു വീഴുന്നു.

അന്നേ ദിവസം അവിസ്മരണീയമായ ഒന്നായിരുന്നു കാരണം ഇന്നേകണ്ട് താൻ ഒരിക്കലും വൈറലായ മറ്റൊരു സന്ദർഭം പോലുമില്ലായിരുന്നു. ഈ "സാധന"ത്തെ വച്ച് കളിച്ചാൽ ലാഭം ഉണ്ടാകും അറിയാതെയെങ്കിലും താൻ ചെയ്ത വലിയ ഒരു തെറ്റായിരുന്നു. ആ സാധനത്തെ ഇത്രയും കാലം മുറിയിലടച്ചത് അതിന് നല്ല ഭാവിയുണ്ടായിരുന്നു! അതിനുള്ള തെളിവാണ് തന്റെ ഫേസ് ബുക്ക് പേജിലെ "ലൈക്കുകൾ". അയാളുടെ മനസ്സിൽ ഒരായിരം പശ്ചാത്താപത്തിന്റെ സൂചികൾ ഒന്നിച്ച് തറച്ചു!.

കാലം മാറും തോറും ജനങ്ങളുടെ "ട്രെൻഡും" മാറി. ആ അമ്മയെ അവസാന നിമിഷത്തിൽ "റീസൈക്കിൾ ബിൻ" വരെ അയാൾ എത്തിച്ചു. ആ സ്ത്രീ, ആ അമ്മ അവിടെ കിടന്നു ഉപയോഗിച്ചു കഴിഞ്ഞ ഒരു കുട പോലെ.

അപ്രതീക്ഷിതമായി ഒരു ശബ്ദം. "ടക്, ടക്, ടക്". ഏതോ വണ്ടിയായിരിക്കാം അമ്മ പതിയെ തലയുയർത്തി.

ഒരു കറുത്ത മനുഷ്യൻ, കൈയ്യിൽ കയറുണ്ട്.
റോയൽ എൻഫീൽഡിന്റെ ബുള്ളറ്റിലാണ്
വരവ്. തലയിൽ ഹെഡ് ഫോൺ. അത്
അമ്മയുടെ കഴുത്തിലേക്ക് കുരുക്കിട്ടു
വലിച്ചു. ആ ശരീരം അവകാശിയില്ലാതെ
മെഡിക്കൽ കോളേജിലേക്ക്.

സ്വയം വൈകിട്ട് ആറര, കാലപുരി,

"പേര് കാലൻ, വയസ്സ് പറയില്ല നൂതനൻ ആണ്"
കാലൻ സ്വയം പരിചയപ്പെടുത്തി.
ആ അമ്മ ഐതിഹ്യമാലയിൽ കണ്ട
കാലനെക്കുറിച്ച് ഓർത്തുപോയി. എന്നാൽ
ഇത് വളരെ മാറ്റമുള്ള രൂപമാണ്. കാലത്തിന്റെ
വേഗത അപ്പോഴേയ്ക്കും മെട്രോയെപ്പോലെ
കുതിച്ചത് അമ്മ അറിഞ്ഞിരുന്നില്ല. ! .

"ഇനി അടുത്ത ജന്മത്തെക്കുറിച്ചുള്ള
തീരുമാനമാണ്". ഓരോരുത്തർക്കും അഭിപ്രായങ്ങൾ
പറയാം. ആ സ്ത്രീ ഒഴികെ എല്ലാവരും
പറഞ്ഞു. ഇനി അവരുടെ ഊഴം.
മരണശേഷം അമ്മയിൽ നിന്ന് സ്ത്രീയിലേയ്ക്ക്
അവർ മാറിയതുപോലെ തോന്നി
ഒരുപക്ഷേ തോന്നലാകാം ...

"ഹേയ് പറഞ്ഞാലും നിന്റെ അനുഗ്രഹം"
അലൻ അഞ്ജാപിച്ചു. അപ്പോൾ അവർ
പറഞ്ഞു. "നിക്ക് ഒന്നും വേണ്ട ഇവിടെ വച്ച്
എന്റെ ജീവിതം അങ്ങ് മുറിച്ചു കളയു".
അതിൽ ഒരു അമ്മയുടെ മണമുണ്ടായിരുന്നു.
പെട്ടന്ന് എന്റെ വായയിൽ നിന്നും
അന്ന് കുടിച്ച അമ്മിഞ്ഞ പാല് ഇറ്റിറ്റായി
നിറയാൻ തുടങ്ങിയതുപോലെ

"അമ്മാ." "ആ കുട്ടി". "ദാ ന്റെ അമ്മാ".
"ഞാൻ അമ്മയുടെ മാറിന്റെ ചൂട് പിടിച്ച്
കിടന്നോട്ടെ" "ഹാ മോനെ". "അമ്മാ ന്ന
വെറുക്കോ ?" "എന്താ മോനേ എന്തോ
നേരായി ഈ കുന്നോണ്ടത്തിന് മുന്നില്,
വാ വന്ന് കെടക്ക് നാളെ നേരത്തെ സ്കൂളില്
പോണ്ടേ ?" "ഹാ അമ്മേ, വര്യാ".
അത്രേയും പറഞ്ഞ് അമ്മ അടുക്കളയിലേക്ക്
പോയി. അമ്മയെക്കുറിച്ചൊരു കഥ.
അത് എഴുതി, എഴുതി തീർത്തു. കഥ
ടൈപ്പ് ചെയ്ത് നിർത്തിയപ്പോൾ
മനസ്സിൽ ഒരായിരം ചോദ്യങ്ങൾ.

ഭ്രാന്തമായ അന്തരീക്ഷത്തിൽ ചുറ്റപ്പെട്ടതുപോലെ തോന്നി.

അന്ന് ഉറക്കം വന്നില്ല. ഇടയ്ക്കിടെ ഞെട്ടിയുണർന്ന് "അമ്മാ" എന്ന് വിളിച്ചു പെട്ടന്ന് ഉറക്കത്തിലേക്ക് വഴുതി വീണപ്പോൾ കഥയിലെ അമ്മ വന്ന് എന്റെ കാലിൽ ചുറ്റിപ്പിടിച്ചു "മോനേ, അവർ എന്നെ തൂക്കിലേറ്റുമോ?" "ഹോ" ഇരുട്ടിന്റെ ഗാഢമായ കറുപ്പിലൂടെ കഥയിലെ അമ്മ ജീവിതത്തിലെ എന്റെ അമ്മയോട് എന്തോ പറയുന്നുണ്ട്. ദൂരത്തു നിന്നുള്ള ആ ശബ്ദം വ്യക്തമല്ല

എന്റെ വേരുകൾ എന്റെ അമ്മയുടെ മനസ്സിലാണ് ഗർഭപാത്രത്തിൽ നിന്നെടുത്ത് പൊക്കിൾകൊടി മുറിച്ചപ്പോൾ / ദൈവം അമ്മയുടെ മാറിടത്തിലെ ചൂട് എനിക്ക് നൽകി. ആ ചൂടിൽ നിന്നാണ് ജീവിത വേരുകൾ പടർന്നത്. അത് നശിക്കില്ല അമരമാണ് എന്നും, എപ്പോഴും...